റോഡിന്റെ ഇരുവശങ്ങളിൽനിന്നും കൃഷിക്കു കൊടുക്കാത്ത സ്ഥലങ്ങൾ.

295. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫാമസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവനന്തപുരം—ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിൽനിന്നും ഏതാനും സ്ഥലം പാട്ടവ്യവസ്ഥയിൽ കൃഷിക്ക് കൊടുക്കാനായി റിസർവിൽ നിന്നും ഒഴിച്ചിട്ടിട്ടുണ്ടോ ?

(ബി) റോഡിൽനിന്നും എത്ര ചങ്ങല വീതിയിൽ സ്ഥലം ഒഴിച്ചിടാനാണ് ഗവണ്മെൻറ് ഉത്തരവു കൊടുത്തിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും അനുവദിച്ചതിൽ കൂടുതൽ വീതിയിൽ ഉള്ള സ്ഥലത്തു കൃഷി ചെയ്യുന്നതിന് ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : (എ) ഉണ്ട്.

(ബി) രണ്ടു ഫർലാങ്ങ് വീതിയിൽ.

(സി) ഇല്ല.

MR. MANKUZHI M. MADHAVAN : ഈ രണ്ടു ഫർലാംങ്ങിനുള്ളിൽ ഉള്ള സ്ഥലത്തു് ചിലർ കൃഷിചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. C. KESAVAN : അതേപ്പറ്റി അന്വേഷിക്കാം.

Paddy Production Survey Officers.

296. MR. N. P. VARGESE (*Muvattupuzha I—General*): Will the Honourable Minister for land be pleased to state,

(*a*) whether the Paddy Purchase staff could not do the Food Production Survey work during the months when there is no work;

(*b*) on whose recommendation was this multiplication of staff brought into effect; and

(*c*) whether the Tahsildars were consulted before launching this Food Production Survey Work?

LIBRARY ARCHIVES Kerala Legislative Assembly